**മത്തായി 18. 1-9 ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്**

തങ്ങളിൽ വലിയവനാരാണെന്ന തർക്കം മനുഷ്യന്റെ ജനനം മുതലുള്ളതാണ്. ദൈവത്തെക്കാൾ വലിയവരാകാൻ ആദിമാതാപിതാക്കൾ ആഗ്രഹിച്ചതുകൊാണ് അവർക്ക് തെറ്റു പറ്റിയത്. വലിയവനാകാനും, വലിയ സ്ഥാനമാനങ്ങൾ സ്വന്തമാക്കാനും മനുഷ്യൻ ഇന്നും വെമ്പൽകൊള്ളുന്നു്. തങ്ങളിൽ വലിയവനാരാണ് എന്ന തർക്കം ശിഷ്യന്മാരുടെ ഇടയിലും ഉായിരുന്നു. ചുറ്റിനടന്ന് ശുശ്രൂഷയുടെ, എളിമയുടെ പാഠങ്ങൾ ഈശോ അവരെ പഠിപ്പിച്ചിട്ടും ഒന്നാമനാകുവാൻ അവർ പരിശ്രമിച്ചുകൊിരുന്നു. ഇവരുടെ മനോഭാവം തിരിച്ചറിഞ്ഞുകൊ് അവരെ പഠിപ്പിക്കുവാൻ ഈശോ ആഗ്രഹിച്ചിരുന്നു. അപ്പോഴാണ് ശിഷ്യന്മാർ ഈശോയെ സമീപിക്കുന്നത്. ഈ 12 പേരിൽ ആരായിരിക്കും സ്വർഗ്ഗത്തിലെ വലിയവൻ എന്നതാണ് അവരുടെ ചോദ്യത്തിന്റെ ധ്വനി. 12 പേരും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വലിയവരായിരുന്നു. പരസ്പരം അംഗീകരിക്കുവാനും മനസ്സിലാക്കുവാനും അവർക്ക് സാധിച്ചില്ല എന്ന് സാരം. അതുകൊ് ഈശോ അവരോട് പറയുന്നു സ്വർഗ്ഗരാജ്യത്തെ വലിയവൻ ശിശുക്കളെപ്പോലെ സ്വയം ചെറുകുന്നവരാണ്. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെയാവണം..............

**1. സ്വയം ചെറുതാകാണം.**

ശിശുക്കളുടെ ഒന്നാമത്തെ സവിശേഷത അവർ സ്വയം ചെറുതാകുന്നു എന്നുള്ളതാണ്. പശുവിനോ പട്ടിക്കോ ആടിനോമറ്റോ ഒരു കുഞ്ഞുായാൽ രോമൂന്നോ ദിവസത്തിനകം അത് സ്വയം പര്യാപ്തത നേടും. മനുഷ്യനോ.... വർഷങ്ങൾ വേണം സ്വയം പര്യപ്തത നേടാൻ. അതുകൊ് തന്റെ ജീവിതം എപ്പോഴും മറ്റുള്ളവരെ ആശ്രയിച്ചാണിരിക്കുന്നതെന്ന ബോധം ശിശുക്കൾക്കു്. എല്ലാവർക്കും ഉായിരിക്കേ മനോഭാവമാണിത്. ദൈവത്തെയും മറ്റുള്ളവരെയും കൂടാതെ നമ്മുക്ക് നിലനിൽപില്ല എന്ന് നാം തിരിച്ചറിയണം. ആശ്രയത്വം എന്ന് പറയുന്നത് എളിമപ്പെടലാണ്, സ്വയം ചെറുതാകലാണ്. ഈശോപറയുന്നു, എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹ 15,5).

**2. സ്വഭാവിക പ്രതികരണം.**

ശിസുക്കൾ എല്ലാകാര്യത്തിലും സ്വഭാവികമായി പ്രതികരിക്കുന്നവരാണ്. ചിരിക്കേപ്പം ചിരിക്കും, കരയേപ്പംകരയും. വഞ്ചനയും വക്രതയുമില്ലാത്തവർ. അധരത്തിൽ പുഞ്ചിരിയും ഹൃദയത്തിൽ വഞ്ചനും സൂക്ഷിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. ഇത്തരത്തിലുള്ള ജീവിത ശൈലിക്ക് മാറ്റം വരണം. ശിശു സഹജമായ സത്യസന്ധതയും, സുതാര്യതയും നാം കൈവരിക്കണം.

**3. അഹങ്കാരമില്ലാത്തവർ**

ശിശുക്കൾ ഒരിക്കലും അഹങ്കരിക്കാറില്ല. നമ്മുടേതെന്ന് നാം കരുതുന്ന ആരോഗ്യവും, ധനവും, സൗന്ദര്യവും, പ്രതാപവുമെല്ലാം ദൈവം തന്ന അനുഗ്രഹമാണെന്നും തന്ന ദൈവത്തിന് ഏത് നിമിഷവും പിൻവലിക്കാനുവുമെന്നും നാം വിചാരിക്കണം. റോമാ 9, 16ൽ പറയുന്നതുപോലെ മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം എന്ന ബോദ്ധ്യത്തിൽ നമ്മുക്ക് ജീവിക്കാം. ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ് എന്ന് പൗലോസ് അപ്പസ്തോലനെപ്പോലെ നമ്മുക്കും പറയാം.. (1കോറി, 15, 10).

**ഫാ. ജോസഫ് കോയിക്കൽ**